(ബി) 1994-98 വർഷങ്ങളിൽ 23 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധം (എ)† ആയി ചേർത്തിട്ടുണ്ട്. ബാക്കി പേരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന പോലീസ് സേനയിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാർ, ആംഡ് പോലീസ്/ആംഡ് റിസർവ് വിഭാഗത്തിലെ അസിസ്റ്റന്റു കമാണ്ടന്റുമാർ എന്നീ വിഭാഗത്തിൽപ്പെട്ടവർ അർഹരാണ്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (ബി)† ആയി ചേർത്തിട്ടുണ്ട്.

34 (658) കിഴക്കൻ മേഖലാ ഡി.ഐ.ജി. ഓഫീസ് മാറ്റുന്ന നടപടി.

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴക്കൻ മേഖലാ ഡി.ഐ.ജി. ഓഫീസ് കോട്ടയത്തുനിന്നും എറണാകുളത്തേയ്ക്ക് മാറ്റുന്നതിനെതിരെ കോട്ടയം ജില്ലാ പോലീസ് ഓഫീസിലേയും കിഴക്കൻ മേഖലാ പോലീസ് ഡി.ഐ.ജി. ഓഫീസിലേയും ജീവനക്കാർ 6.10.1998-ൽ സത്യാഗ്രഹം നടത്തിയോ;

(ബി) എങ്കിൽ ഇവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ടോ;

(സി) സത്യാഗ്രഹത്തിൽ പങ്കെടുത്ത കിഴക്കൻ മേഖലാ ഡി.ഐ.ജി. ഓഫീസിലെ ജീവനക്കാരുടെ അവധി അപേക്ഷ അനുവദിക്കുകയും കോട്ടയം ജില്ലാ പോലീസ് ഓഫീസിലെ ജീവനക്കാരുടെ അപേക്ഷ നിരസിക്കുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 6.10.98-ൽ സത്യാഗ്രഹം നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

35 (660) വർക്കല അയിരൂരിൽ പോലീസ് സ്റ്റേഷൻ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽ "അയിരൂർ" കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ ഉണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർക്കല പോലീസ് സ്റ്റേഷനിലെ കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലും, കുറ്റകൃത്യങ്ങൾ തടയുന്നതിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ;

(സി) കുറ്റകൃത്യങ്ങളെപ്പറ്റി പോലീസിനു വിവരം നൽകുന്നതിനുള്ള "ക്രൈം സ്റ്റോപ്പർ" സംവിധാനം മുനിസിപ്പൽ പ്രദേശമായ വർക്കല പോലീസ് സ്റ്റേഷനിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി വർക്കല മുനിസിപ്പൽ പ്രദേശങ്ങളിലും, ഇടവായിലെ ജംഗ്ഷനുകളിലും പോലീസ് പട്രോളിംഗ് ഇപ്പോൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) റൂറൽ ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം ജില്ലയിലെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രം കൂടിയായ വർക്കലയിലെ വിവിധ പ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയിരൂർ കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിലില്ല.

(ബി) കേസ്സുകൾ റിപ്പോർട്ടാകുന്ന മുറയ്ക്ക് ആയതിന്റെ സ്വഭാവമനുസരിച്ച് അന്വേഷണം വേഗം പൂർത്തിയാക്കി പ്രതികളെ അറസ്റ്റ് ചെയ്ത് ബന്ധപ്പെട്ട കോടതികളിൽ ചാർജ്ജ് ഷീറ്റ് നൽകിവരുന്നു.

(സി) കുറ്റകൃത്യങ്ങളെപ്പറ്റി പോലീസിന് വിവരം നൽകുന്നതിനുള്ള "ക്രൈം സ്റ്റോപ്പർ" സംവിധാനം എല്ലാ പോലീസ് ജില്ലകളിലും അതാത് ജില്ലാ പോലീസ് മേധാവികളുടെ ഓഫീസുകളോടനുബന്ധിച്ചാണ് പ്രവർത്തിച്ചുവരുന്നത്. വർക്കല പോലീസ് സ്റ്റേഷൻ ഉൾപ്പെടുന്ന തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലും പ്രസ്തുത സംവിധാനം നിലവിലുണ്ട്. അതിനാൽ വർക്കല പോലീസ് സ്റ്റേഷനിൽ മാത്രമായി പ്രസ്തുത സംവിധാനം തുടങ്ങാനുള്ള പ്രത്യേക ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(ഡി)&(ഇ) സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലും ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വർക്കലയിലും അടിയന്തിരമായും ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇടവയുൾപ്പെടെയുള്ള ജംഗ്ഷനുകളിൽ നിരന്തരം ഊർജ്ജിതമായി പോലീസ് പട്രോളിംഗ് നടക്കുന്നുണ്ട്.

(എഫ്) എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലും ഫ്ളൈയിംഗ് സ്കാഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

36 (661) ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പോലീസിന്റെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly